(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സംസ്ഥാന സർക്കാരിന്റെ ഓൺ ലൈൻ ലോട്ടറി പ്രചാരത്തിൽ വരുമ്പോൾ ഈ കാര്യം പരീശോധിക്കുന്നതാണ്.

ലോട്ടറി ഏജന്റുമാരുടെ ക്ഷേമനിധിയുടെ പ്രവർത്തനം

23 (4062) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ജില്ലാ ഭാഗ്യക്കുറി ആഫീസുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട ലോട്ടറി ഏജന്റുമാരുടെ എണ്ണം വെളിപ്പെടുത്തുമോ ;

(ബി) ഭാഗ്യക്കുറി ഓഫീസുകളിൽ നിന്നല്ലാതെ സ്വകാര്യ ഏജന്റുമാരിൽ നിന്നും ടിക്കറ്റെടുത്ത് വിൽക്കുന്ന എത്ര പേരുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) നിലവിലുള്ള ലോട്ടറി ഏജന്റുമാരുടെ ക്ഷേമനിധിയിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ട് ;

(ഡി) ഈ ക്ഷേമനിധിയുടെ അനാകർഷകമായ ഘടനയാണ് അംഗങ്ങളുടെ എണ്ണം കുറയാൻ കാരണമെന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ മറ്റു തൊഴിലാളി ക്ഷേമ നിധി ബോർഡുകൾ പോലെ ഈ ക്ഷേമനിധിയിലും ആകർഷമായ പദ്ധതികൾ തയ്യാറാക്കി എല്ലാ ഏജന്റുമാരെയും അംഗങ്ങളാകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 32,293 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കൃത്യമായ കണക്ക് ലഭ്യമല്ല. എങ്കിലും സംസ്ഥാനത്ത് ഇത്തരത്തിലുള്ള ഏകദേശം രണ്ടരലക്ഷത്തോളം വില്പനക്കാരുണ്ട്.

(സി) 3949 പേർ അംഗങ്ങളായിട്ടുണ്ട്.

(ഡി&ഇ) ലോട്ടറി ഏജന്റുമാരുടെ ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിച്ചിട്ടില്ല. പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി നിലവിൽ വന്നതിനുശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ പ്രൊമോഷൻ

24 (4063) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷന് അർഹരായവരുടെ പേരുകൾ ഉൾപ്പെടുത്തിയ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ള നോട്ടിഫിക്കേഷൻ നമ്പർ 8830/എച്ച്1/2000/ടി.ഡി. തീയതി 6-5-2000-ന് വേണ്ടിയുള്ള ഹയർ ഡി. പി. സി. ചേർന്നത് എന്നാണ് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly